# ഉയിർപ്പുകാലം

## വചന വിചിന്തനം

### ഉയിർപ്പുകാലം : ഏഴാം ഞായർ

### മർക്കോ 16,9–20

"ഉയിർപ്പിക്കപ്പെട്ടതിനുശേഷം
തന്നെ കണ്ടവരെ വിശ്വസിക്കാത്തതു നിമിത്തം
അവരുടെ വിശ്വാസരാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും
അവൻ കുറ്റപ്പെടുത്തി."
(മർക്കോ 6,14)

"*ക്രിസ്തു അന്നും ഇന്നും കുറ്റപ്പെടുത്തുന്നത്
ഈ രണ്ട് കാര്യങ്ങൾക്കാണ്;
1. വിശ്വാസരാഹിത്യം, 2. ഹൃദയകാഠിന്യം*"

**വിശ്വാസി ക്രിസ്തുവിന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരിക്കും.... തിന്മയോട് സന്ധിയില്ലാ സമരം നടത്തുന്നവനാണ് വിശ്വാസി!**

വിശ്വാസരാഹിത്യം ദൈവത്തോടും ഹൃദയകാഠിന്യം സഹോദരങ്ങളോടും ചെയ്യുന്ന പാപമാണ്. വിശ്വാസത്തെ ഈ ലോകത്തിലെ നൈമിഷീകമായ സുഖങ്ങൾക്കും സന്തോഷങ്ങൾക്കും വേണ്ടി ത്യജിക്കുന്ന വ്യക്തികൾ സഹോദരങ്ങളോട് ഹൃദയകാഠിന്യത്തോടെ പെരുമാറുമെന്നത് കാലഘട്ടം പഠിപ്പിക്കുന്ന ഓർമ്മപ്പെടുത്തലാണ്. ചുരുക്കത്തിൽ, ഹൃദയത്തിന്റെ കാഠിന്യം ആരംഭിക്കുന്നത് വിശ്വാസം ത്യജിക്കുന്നതിലൂടെയും വിശ്വാസം ഹനിക്കപ്പെടുന്നതിലൂടെയുമായിരിക്കും. ഈ ലോകത്തിലെ വലിയ അൽഭുതങ്ങളിലൊന്ന്, "കുഞ്ഞ് അമ്മയുടെ കൈയിൽനിന്ന് തല്ല് വാങ്ങുമ്പോഴും അമ്മേ... അമ്മേ... എന്ന് നീട്ടി വിളിച്ച് കരയുന്നതാണ്." കാരണം, കുഞ്ഞ് അമ്മയുടെ കൈയിൽനിന്ന് തല്ല് വാങ്ങുമ്പോഴും കുഞ്ഞിന്റെ വിശ്വാസം അമ്മ തന്നെ ആശ്വസിപ്പിക്കാനായ് ഓടിവരും എന്നതാണ്. ചരിത്രങ്ങൾ ഏറെ മാറ്റപ്പെട്ടിട്ടും കുഞ്ഞുങ്ങൾക്ക് അമ്മമാരിലൂള്ള വിശ്വാസം മാറ്റപ്പെട്ടിട്ടില്ല. കാരണം, മാതൃസ്നേഹം അത്രമാത്രം അൽഭുതാവഹമാണ്.

കഴിഞ്ഞവർഷം ഏപ്രിൽ 27-ാം തിയ്യതി മംഗളം മലയാളം ഓൺലൈയിൻ ന്യൂസ് പേപ്പറിൽ ശ്രദ്ധേയമായ ഒരു വാർത്ത വന്നിരുന്നു (Wednesday, April 27, 2016; Mangalam Malayalam Online Newspaper); "മരിക്കില്ല ഈ മാതൃത്വം; കുഞ്ഞിനെ ലാളിക്കുന്ന അമ്മയുടെ 4800 വർഷം പഴക്കമുള്ള ഫോസിൽ കണ്ടെത്തി." തായപെയ് എന്നുള്ള സ്ഥലത്താണ് മാതൃത്വത്തിന്റെ മരിക്കാത്ത തെളിവുമായി ഒരു ഫോസിൽ, കുഞ്ഞിനെ ലാളിക്കുന്ന അമ്മയുടെ 4800 വർഷം പഴക്കമുള്ള ഫോസിൽ കണ്ടെത്തിയത്. കുഞ്ഞിനെ കയ്യിൽ പിടിച്ചു ലാളിക്കുന്ന വിധത്തിലാണു ഫോസിൽ. മാതൃത്വം അത് മരിക്കാത്ത സ്നിഗ്ദതയാണ് സമ്മാനിക്കുന്നത്. അമ്മയിലുള്ള ഈ വിശ്വാസത്തിന് കോട്ടം വരുന്ന മക്കൾ ഹൃദയത്തെ കഠിനമാക്കും. ചുരുക്കത്തിൽ, മറ്റുള്ളവരിലും പ്രപഞ്ചത്തിലുമുള്ള വിശ്വാസത്തിന് കോട്ടം വരുന്ന വ്യക്തികൾ കൂടുതൽ ആക്രമണകാരികളായിരിക്കും. കാരണം, അവരുടെ ഹൃദയം കഠിനമാണ്. കേട്ടിട്ടില്ലേ, "കാട്ടിലെ ഏറ്റവും ആക്രമണകാരിയായ മൃഗം വേട്ടക്കാരിൽ നിന്ന് രക്ഷപ്പെട്ട മൃഗമായിരിക്കും" എന്ന്. കാരണം, വിശ്വാസം ക്ഷയിച്ച വ്യക്തികൾക്ക് ഹൃദയപരമാർത്ഥതയോടെ മറ്റുള്ളവരുമായി സംവദിക്കാൻ

സാധിക്കുകയില്ല!

ക്രിസ്തു തന്റെ ശിഷ്യൻമാർ പതിനൊന്നുപേർഭക്ഷണത്തിനിരിക്കുമ്പോൾ, അവൻ അവർക്കു പ്രത്യക്ഷപ്പെട്ടിട്ട് ആദ്യം ചെയ്യുന്നത് ഉയിർപ്പിക്കപ്പെട്ടതിനുശേഷം തന്നെ കണ്ടവരെയും തന്റെ സന്ദേശങ്ങളെയും വിശ്വസിക്കാതെ ഹൃദയത്തെ കാഠിനമാക്കിയ ശിഷ്യൻമാരെ കുറ്റപ്പെടുത്തി. അവരിൽ വിശ്വാസം നിറയ്ക്കുകയും അവരുടെ ഹൃദയത്തെ തൂമഞ്ഞുപ്പോലെ പരിശുദ്ധമാക്കുകയും ചെയ്തതിനുശേഷം വചനത്തിന് സാക്ഷികളാകാൻ ലോകത്തിന്റെ വിവിധഭാഗങ്ങളിലേയ്ക്ക് അയക്കുകയാണ്.

"അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മർക്കോ 16,15-16).

ചുരുക്കത്തിൽ, വചനമായ് അവതരിച്ച ക്രിസ്തു പഠിപ്പിക്കുന്നത് വചനത്തിന് സാക്ഷ്യം വഹിക്കാനും സർവ്വസൃഷ്ടികളോട് സുവിശേഷം പ്രസംഗിക്കാനും അടിസ്ഥാനപരമായി ഉണ്ടായിരിക്കേണ്ട നന്മ എന്നത് വിശ്വാസരാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും എടുത്തുമാറ്റുക എന്നതാണ്. വിശ്വാസരാഹിത്യം ദൈവത്തോടുള്ള പാപമാണെങ്കിൽ ഹൃദയകാഠിന്യം സഹോദരങ്ങളോടുള്ള പാപമാണെന്ന് തിരിച്ചറിഞ്ഞ് ദൈവവിശ്വാസത്തിൽ ആഴപ്പെടുകയും അതിനനുസരിച്ച് ഹൃദയത്തെ മൃദുവാക്കി സഹോദരങ്ങളിലേയ്ക്ക് കടന്നുചെല്ലുകയും ചെയ്യുമ്പോൾ വചനത്തിന് സാക്ഷികളായ് മാറ്റപ്പെടുകയാണെന്ന് തിരിച്ചറിയാൻ പരിശ്രമിക്കുക. കാരണം, ക്രിസ്തു നമുക്ക് നൽകിയിരിക്കുന്ന ഏക കൽപ്പന, "ഞാൻ നിങ്ങളെ സ്നേഹിച്ചതുപ്പോലെ നിങ്ങളും പരസ്പ്പരം സ്നേഹിക്കുവിൻ" എന്നതുമാത്രമാണ്. ഈ പരസ്പ്പരസ്നേഹത്തിന് അടിസ്ഥാനപരമായി ഉണ്ടായിരിക്കേണ്ട നന്മ വിശ്വാസത്തിന്റെ വലുപ്പവും ഹൃദയത്തിന്റെ ആർദ്രതയുമാണ്.

വിശ്വാസി
ക്രിസ്തുവിന്റെ
നാമത്തിൽ
പുതിയ ഭാഷകൾ
സംസാരിക്കും...
ക്രിസ്തു പഠിപ്പിച്ച
സ്നേഹത്തിന്റെ
ഭാഷയാണ്
വിശ്വാസിയുടെ ഭാഷ!

ഇന്ന് നമ്മുടെ ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും സ്നേഹവും സന്തോഷവും സമാധാനവും ഇല്ലാത്ത അവസ്ഥയും സാഹചര്യവും ഉണ്ടെങ്കിൽ അതിനുള്ള കാരണവും ഇതുതന്നെയാണ്; വിശ്വാസരാഹിത്യവും ഹൃദയകാഠിന്യവും. വിശ്വാസത്തിൽ സ്ഥിരതയോടും ഹൃദയത്തിൽ അലിവോടും കൂടെ പങ്കുവയ്പ്പിൽ വളരുന്ന കുടുംബങ്ങൾ സ്നേഹത്തിൽ ഐക്യത്തിൽ ഒന്നായിരിക്കും.

അവതാരക എല്ലാവരോടുമായി ഒരു ചോദ്യം ചോദിച്ചു; "അവസാനമായ് എപ്പോഴാണ് നിങ്ങൾ ഭർത്താക്കൻമാരോട് "I LOVE YOU" പറഞ്ഞത്?"

ഒരാൾ പറഞ്ഞു; "ഇന്നു രാവിലെ..."

മറ്റൊരാൾ; "രണ്ട് ദിവസം മുൻപ്..."

വേറൊരാൾ; "ഒരാഴ്ച മുൻപ്..."

"ഇനി മത്സരം ഇതാണ്..." അവതാരക തുടർന്നു... "ഇനി എല്ലാവരും ഭർത്താക്കൻമാർക്ക് "I LOVE YOU" എന്ന് മെസ്സേജ് ചെയ്യണം. ഭർത്താവിൽ നിന്നും ഏറ്റവും നല്ല മറുപടി കിട്ടുന്നയാൾക്ക് ഒരു "SURPRISE GIFT" ലഭിക്കുന്നതാണ്. എല്ലാവരും ഭർത്താക്കൻമാർക്ക് "I LOVE YOU" എന്ന് മെസ്സേജ് ചെയ്യാൻ തുടങ്ങി. മറുപടിക്കായ് കാത്തിരുന്നു... കുറച്ച്

സമയത്തിനുശേഷം അവർക്ക് വന്ന മറുപടികൾ ഇങ്ങനെ ആയിരുന്നു.

ഭർത്താവ് 1: "പ്രിയേ, നിനക്ക് കുഴപ്പമൊന്നുമില്ലല്ലോ?"

ഭർത്താവ് 2: "ഷേ... ഇന്നും നീ ഭക്ഷണം ഉണ്ടാക്കീലേ?"

ഭർത്താവ് 3: "എന്തുപറ്റി? ഏതു ഷോപ്പിങ് മാളിലാണ്? സാരിയോ...? അതോ, മാലയോ...?"

ഭർത്താവ് 4: "എന്താ കാര്യം?"

ഭർത്താവ് 5: "ആരാ സ്വപ്നം കാണുന്നത്? ഞാനോ? നീയോ?"

ഭർത്താവ് 6: "പാർട്ടി കഴിഞ്ഞ് വീട്ടിലെത്തി അല്ലേ...? പുതിയ എന്ത് പരദൂഷണമാണ് കിട്ടിയത്? എത്ര നേരം ഞാൻ കേട്ടിരിക്കേണ്ടിവരും?"

ഭർത്താവ് 7: "ഇവിടെ ഓഫീസിൽ ഭ്രാന്ത് പിടിച്ചിരിക്കുമ്പോഴാണ് അവളുടെ ഒരു @£@&£&@"

ഭർത്താവ് 8: ''നിന്നോട് എത്രതവണ പറഞ്ഞു... സീരിയൽ കാണുന്നത് നിർത്താൻ?"

ഭർത്താവ് 9: "ഓഹോ... കാറ് പിന്നേം കൊണ്ടുപോയ് ഇടിച്ചു അല്ലേ...?"

ഭർത്താവ് 10: "അപ്പോ... ഇന്നും ഞാൻ തന്നെ മോനെ സ്കൂളിന്നു കൂട്ടണോ?"

എന്നാൽ, അവസാനത്തേതും സമ്മാനം കിട്ടിയതുമായ മറുപടി ഇതായിരുന്നു...

ഭർത്താവ് 11: "ഇതാരാാാ..... എന്റെ ഭാര്യേടെ ഫോണീൽ നിന്ന് മെസ്സേജ് അയക്കുന്നത്?"

കുടുംബജീവിതത്തിൽ വിശ്വാസം നഷ്ടപ്പെടുന്നതിനനുസരിച്ച് ഹൃദയത്തിന്റെ ആർദ്രത നഷ്ടപ്പെടും. ഹൃദയം കഠിനമാകുമ്പോൾ കുടുംബ ജീവിതം യാന്ത്രികമാകും. ജീവിതം യാന്ത്രികമാകുമ്പോൾ ഇഷ്ടങ്ങളെയും ഇഷ്ടകേടുകളെയും തിരിച്ചറിയാനും ദിശാബോധത്തോടുകൂടെ ജീവിതം നയിക്കാനും മറന്നുപോകും. ഇന്ന് കുടുംബങ്ങളിൽ സംഭവിക്കുന്ന വിപത്തും ഇതുതന്നെയാണ്. വിശ്വാസരാഹിത്യവും ഹൃദയകാഠിന്യവും കുടുംബത്തിൽ നിറഞ്ഞ് നിൽകുന്നു. ഫലമോ, സ്നേഹശൂന്യതയും!

**വിശ്വാസി രോഗികളുടെമേൽ കൈകൾ വയ്ക്കും; അവർ സുഖം പ്രാപിക്കുകയും ചെയ്യും... സൗഖ്യം സമ്മാനിക്കുന്നവനാണ് വിശ്വാസി!**

വിശ്വാസം ജീവിക്കുന്നവർക്കുള്ള അടയാളങ്ങൾ ക്രിസ്തു പങ്കു വയ്ക്കുന്നത് ഇപ്രകാരമാണ്; "അവർ എൻെറ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരിക്കും. പുതിയ ഭാഷകൾ സംസാരിക്കും. അവർ സർപ്പങ്ങളെ കൈയിലെടുക്കും. മാരകമായ എന്തു കുടിച്ചാലും അത് അവരെ ഉപ ദ്രവിക്കുകയില്ല. അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും; അവർ സുഖം പ്രാപിക്കുകയും ചെയ്യും" (മർക്കോ 16,17-18).

ചുരുക്കത്തിൽ, വിശ്വാസരാഹിത്യമില്ലാതെ ഹൃദയകാഠിന്യമില്ലാതെ ജീവിക്കുന്നവർ ആപത്തുകൾക്കും അപകടങ്ങൾക്കും വിധേയരാവുകയില്ല. മറിച്ച്, കർത്താവിന്റെ സംരക്ഷണം കൂടെയുണ്ടാകും... അവർ അൽഭുത ങ്ങൾക്ക് കാരണമാകും എന്നതാണ്...

"സംശയമനസ്കനും എല്ലാകാര്യങ്ങളിലും ചഞ്ചലപ്രകൃതിയുമായ ഒരുവന് എന്തെങ്കിലും കർത്താവിൽനിന്നു ലഭിക്കുമെന്നു കരുതരുത്."

യാക്കോ 1,7

**ഫാ. ജോബി മേനോത്ത്**
**+91 944 7777 931**